# സഹിതം മെന്ററിങ് പോർട്ടൽ

FAQ : Sahitham Technical

1. **സഹിതം മെന്ററിങ് പോർട്ടലിൽ ആർക്കൊക്കെ Sign Up ചെയ്യാം?**

   മെന്റർമാരാകേണ്ട അധ്യാപകരാണ് സഹിതം പോർട്ടലിൽ Sign Up ചെയ്യേണ്ടത്.

2. **HM Login/സ്കൂൾ ലോഗിനാവശ്യമായ യൂസർ നെയിം, പാസ്സ്‌വേർഡ് എന്നിവ എങ്ങനെ ലഭിക്കും?**

   സമ്പൂർണ യൂസർ നാമവും പാസ്സ്‌വേർഡും ആണ് സഹിതം പോർട്ടലിൽ HM സ്കൂൾ ലോഗിനായി ഉപയോഗിക്കേണ്ടത്.

3. **ഗസ്റ്റ് ടീച്ചർ ആയി sign up ചെയ്യുമ്പോൾ യൂസർ നെയിം എന്താണ് നൽകേണ്ടത് ?**

   കുറഞ്ഞത് എട്ട് അക്ഷരങ്ങളിൽ കുറയാത്ത പേരുകളോ അവയോടൊപ്പം സംഖ്യകളോ നൽകാം. സംഖ്യകൾ മാത്രമായി ഗസ്റ് ലോഗിന്റെ യൂസർ നാമമായി നല്കാൻ സാധിക്കില്ല.

4. **Sign Up പൂർത്തിയാക്കിയാലുടൻ ലോഗിൻ ചെയ്യാൻ സാധിക്കുമോ?**

   ഇല്ല. Sign Up പൂർത്തിയാക്കിയ അധ്യാപകരെ സഹിതം പോർട്ടലിൽ HM അപ്രൂവ് ചെയ്താൽ മാത്രമേ ലോഗിൻ' ചെയ്യാൻ സാധിക്കുകയുള്ളൂ.

5. **ലോഗിൻ പാസ്സ്‌വേർഡ് മാറ്റാൻ കഴിയുമോ?**

   തീർച്ചയായും കഴിയും. ഇമെയിൽ അല്ലെങ്കിൽ SMS OTP വഴി സ്വന്തമായി password മാറ്റാം. HM ലോഗിനിലും ഇതിനുള്ള സൗകര്യം ഉണ്ട്.

6. **HM/സ്കൂൾ ലോഗിനിൽ മെന്ററിങ് രേഖപെടുത്തലുകൾ സാധ്യമാണോ?**

   സാധ്യമല്ല, വിദ്യാലയവുമായി ബന്ധപ്പെട്ട് സഹിതം പോർട്ടലിൽ ചെയ്യേണ്ട സജ്ജീകരണങ്ങൾക്കാണ് HM ലോഗിൻ ഉപയോഗിക്കേണ്ടത്.

7. **HM മെന്റർ ആയി വരുന്ന സ്കൂളുകളിൽ ഇവർ പ്രത്യേകം Sign Up ചെയ്യേണ്ടതുണ്ടോ?**

   ഉണ്ട്, ഒരു മെന്ററായി Sign Up ചെയ്യണം.

8. **സഹിതത്തിൽ കുട്ടികളുടെ പഠന മാധ്യമം (Medium) എങ്ങനെയാണ് ക്രമീകരിക്കുന്നത്?**

   HM ലോഗിനിൽ Mentor Mentee Maping പേജിൽ ക്ലാസ് ഉം ഡിവിഷനും തെരഞ്ഞെടുത്ത് മീഡിയം മാറ്റാം.

9. **ഒരു മെന്റർ ടീച്ചർ സ്കൂളിൽ നിന്നും ട്രാൻസ്ഫർ ആയാൽ സഹിതം പോർട്ടലിൽ ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ടോ?**

   ഉണ്ട്, HM ലോഗിനിൽ, ട്രാൻസ്ഫർ ചെയ്യേണ്ട അധ്യാപകനെ Advanced ഓപ്ഷനിൽ De-activate ചെയ്തതിനു ശേഷം Manage Users പേജിൽ നിന്നുകൊണ്ട് ട്രാൻസ്ഫർ ചെയ്യാം.

10. **ഒരു മെന്ററിനെ അബദ്ധത്തിൽ ട്രാൻസ്ഫർ ചെയ്താൽ എന്താണ് ചെയ്യേണ്ടത്?**

    Roll back ഓപ്ഷൻ ഉപയോഗിച്ച് ട്രാൻസ്ഫർ റദ്ദാക്കാം.

11. **Transfer അബദ്ധത്തിൽ Approve ചെയ്താൽ എന്താണ് ചെയ്യേണ്ടത്?**

    തിരികെ ട്രാൻസ്ഫർ ചെയ്താൽ മതിയാകും

12. **Transfer അബദ്ധത്തിൽ Reject ചെയ്താൽ എന്താണ് ചെയ്യേണ്ടത്?**

    ഒരിക്കൽ കൂടി ട്രാൻസ്ഫർ ചെയ്യാൻ ആവശ്യപ്പെടുക

13. **ഒരു വിഷയം മാത്രം (ഉദാ : ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു) പഠിപ്പിക്കുന്ന അധ്യാപകർക്ക് അവരുടെ വിഷയം മെന്ററിങ്ങിനായി Map ചെയ്യുവാൻ സാധിക്കുമോ?**

    തീർച്ചയായും സാധിക്കും. HM ലോഗിനിൽ Advanced Option ൽ ഒരു മെന്റർക്കു ഒരു പ്രത്യേക വിഷയമോ ഒന്നിൽ കൂടുതൽ വിഷയങ്ങളോ അവർക്കു മെന്ററിങ്ങിനായി നൽകിയിട്ടുള്ള ക്ലാസ്സുകളിലേക്കു Map ചെയ്യാവുന്നതാണ്.

14. **ഒരു മെന്ററിനു ഒന്നിൽ കൂടുതൽ വിഷയങ്ങൾ Map ചെയ്യാൻ സാധിക്കുമോ?**

    സാധിക്കും. HM ലോഗിനിൽ Advanced Option ൽ ഒരു മെന്റർക്കു ഒരു പ്രത്യേക വിഷയമോ ഒന്നിൽ കൂടുതൽ വിഷയങ്ങളോ അവർക്കു മെന്ററിങ്ങിനായി നൽകിയിട്ടുള്ള ക്ലാസ്സുകളിലേക്കു Map ചെയ്യാവുന്നതാണ്.

15. **ക്ലാസ് ടീച്ചറായ മെന്ററിനു മറ്റു ക്ലാസ്സുകളിലെ വിഷയങ്ങൾ മെന്ററിങ്ങിനായി Map ചെയ്യാൻ സാധിക്കുമോ?**

    സാധിക്കും. HM ലോഗിനിൽ Advanced Option ൽ ഒരു മെന്റർക്കു ഒന്നിൽ കൂടുതൽ ക്ലാസുകൾ Map ചെയ്യാനുള്ള സൗകര്യം ഉണ്ട്.

16. **Sync First Standard ഓപ്ഷൻ എപ്പോഴാണ് ഉപയോഗിക്കേണ്ടത്?**

    ഒരു അധ്യയന വർഷത്തിന്റെ ആരംഭത്തിൽ സമ്പൂർണയിൽ ചേർത്തിട്ടുള്ള ഒന്നാം ക്ലാസ്സിലെ കുട്ടികളെ മുഴുവൻ സഹിതം പോർട്ടലിലേക്ക് കൊണ്ടുവരുന്നതിനായാണ് ഈ സൗകര്യം ഉപയോഗിക്കേണ്ടത്

17. **ഒരു കുട്ടി അവർത്തിച്ചു വന്നാൽ(Duplication) എന്ത് ചെയ്യണം?**

    HM ലോഗിനിൽ Student list ൽ നൽകിയിട്ടുള്ള Merge similar students ഓപ്ഷൻ ഉപയോഗിച്ചു ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാം.

18. **Add Student From Sampoorna ഓപ്ഷൻ എപ്പോഴാണ് ഉപയോഗിക്കേണ്ടത്?**

    സമ്പൂർണയിൽ പുതുതായി ചേർക്കുന്ന കുട്ടികളെ അഡ്മിഷൻ നമ്പർ ഉപയോഗിച്ചു സഹിതം പോർട്ടലിലേക്ക് കൊണ്ട് വരുന്നതിനായാണ് ഈ ഓപ്ഷൻ ഉപയോഗിക്കേണ്ടത്.

**19. ഒരു കുട്ടിയുടെ Class/Division എങ്ങനെയാണ് മാറ്റേണ്ടത്?**

HM ലോഗിനിൽ Student list ലെ Action ൽ നൽകിയിട്ടുള്ള Change Class ഓപ്ഷൻ ഉപയോഗിച്ച് കുട്ടികളുടെ ക്ലാസ്സിനോ, ഡിവിഷനോ മാറ്റം വരുത്താം.

**20. ഒരു കുട്ടിയുടെ Transfer accept ചെയ്യുമ്പോൾ "Admission number already exists " എന്ന് കാണിക്കുന്നു. എന്താണ് ചെയ്യേണ്ടത് ?**

ട്രാൻസ്ഫർ സ്വീകരിക്കുമ്പോൾ നൽകുന്ന അഡ്മിഷൻ നമ്പറിൽ ഒരു കുട്ടി സഹിതം പോർട്ടലിൽ ഉൾപ്പെട്ടത് കൊണ്ടാണ് ഇങ്ങനെ കാണിക്കുന്നത്. ഒന്നുകിൽ കുട്ടിയുടെ അഡ്മിഷൻ നമ്പർ പരിശോധിച്ച് ശരിയാണെന്നു ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ട്രാൻസ്ഫർ സ്വീകരിക്കുക. അല്ലെങ്കിൽ Search Student ഓപ്ഷൻ ഉപയോഗിച്ച് അതേ അഡ്മിഷൻ നമ്പറിൽ സഹിതം പോർട്ടലിൽ ചേർത്തിരിക്കുന്ന കുട്ടിയെ കണ്ടെത്തി അഡ്മിഷൻ നമ്പർ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുക.

# സഹിതം മെന്ററിങ് പോർട്ടൽ

FAQ : Sahitham Academic

1. **എന്താണ് സഹിതം മെന്ററിങ് പോർട്ടൽ?**

   ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് കുട്ടികളുടെ സമഗ്രമായ ഡിജിറ്റൽ പ്രൊഫൈൽ നിർമിക്കാൻ അധ്യാപകരെ സഹായിക്കുന്ന സംവിധാന മാണ് സഹിതം മെന്ററിങ് പോർട്ടൽ. പ്രൊഫൈലിലെ വിവരങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ കഴിവുകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് മെന്ററിങ്ങിലൂടെ അവരുടെ സർവതോമുഖമായ വികാസം ഉറപ്പാക്കാൻ കഴിയുന്നതാണ്.

2. **സഹിതം മെന്ററിങ് പോർട്ടലിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?**

   കുട്ടിയെ അറിയുക, മനസിലാക്കി പിൻതുണ നൽകുക, അവരുടെ സർവതോമുഖമായ വികാസം ഉറപ്പാക്കുക എന്നതാണ് സഹിതം മെന്ററിങ് പോർട്ടലിന്റെ ലക്ഷ്യങ്ങൾ.

3. **കുട്ടിയെ അറിയുക എന്നാൽ എന്ത്?**

   ഒരു കുട്ടി എന്ന നിലയിലും ഒരു പഠിതാവ് എന്ന നിലയിലും കുട്ടിയെ മനസിലാക്കുക എന്നതാണ് കുട്ടിയെ അറിയുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

4. **സഹിതം മെന്ററിങ് പോർട്ടലിന്റെ അടിസ്ഥാന തത്വങ്ങളേവ?**

   കുട്ടിയുടെ ഡിജിറ്റൽ പ്രൊഫൈൽ വികസിപ്പിക്കൽ, വളർച്ചാ മനഃശാസ്ത്രം, മെന്ററിങ് എന്നിവയാണ് സഹിതം പോർട്ടലിന്റെ അടിസ്ഥാന തത്വങ്ങൾ.

5. **സഹിതം പോർട്ടൽ ഉപയോഗിച്ച് കുട്ടികളെ മനസ്സിലാക്കാനും മെന്റർ ചെയ്യാനും കഴിയുന്നതെങ്ങനെ?**

   കുട്ടികളുടെ ഡിജിറ്റൽ പ്രൊഫൈലിലെ വിവരങ്ങൾ പരിശോധിച്ചാൽ അവർക്കുള്ള കഴിവുകളും വെല്ലുവിളികളും തിരിച്ചറിയാൻ കഴിയും. അതുവഴി അധ്യാപകരുടെ കൈത്താങ്ങിലൂടെയും മെന്ററിങ്ങിലൂടെയും കുട്ടികൾക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ നൽകി കുട്ടിയുടെ സമഗ്ര വികാസം ഉറപ്പാക്കാൻ കഴിയുന്നതാണ്.

6. **സ്റ്റുഡന്റ് പ്രൊഫൈൽ എന്നാൽ എന്ത്?**

   കുട്ടിയുടെ അടിസ്ഥാന വിവരങ്ങൾ, പഠന വിഷയങ്ങളിലെ പ്രകടന നിലവാരം, അക്കാദമിക-സാമൂഹിക-വൈകാരിക ശേഷികളിലെ നിലവാരം, നൈപുണികൾ, കഴിവുകൾ എന്നിവ അടങ്ങിയ സമഗ്രമായ രേഖയാണ് ഡിജിറ്റൽ പ്രൊഫൈൽ.

7. **ആരാണ് മെന്റർ?**

   കുട്ടികളുടെ അക്കാദമികവും വ്യക്തിപരവും സാമൂഹിക വികാസവും ഉറപ്പാക്കുകയും അവർക്ക് ആവശ്യമുള്ള പിൻതുണ നൽകുകയും ചെയ്യുന്ന ഗൈഡായി പ്രവർത്തിക്കുന്ന അധ്യാപകൻ/അധ്യാപിയാണ് മെന്റർ.

കുട്ടിയും വളർച്ചയും അക്കാദമിക–അക്കാദമികേതര രംഗത്തെ മികവും സമഗ്രവികാസവും ഉറപ്പാക്കുക എന്നതാണ് മെന്ററിന്റെ കടമ.

**8. മെന്ററിങ്ങിന്റെ ഘട്ടങ്ങൾ ഏവ?**

കുട്ടികളെ നിരീക്ഷിക്കുക, കുട്ടിയുമായും രക്ഷിതാക്കളുമായും ആശയ വിനിമയം നടത്തുക എന്നതാണ് ഒന്നാമത്തെ ഘട്ടം. കുട്ടിയുടെ വികാസത്തിനു വേണ്ടിയുള്ള ലക്ഷ്യങ്ങൾ നിർണയിക്കുക, അതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് രണ്ടാമത്തെ ഘട്ടം. കൃത്യമായ ആക്ഷൻ പ്ലാനിലൂടെയും മെന്ററിങ്ങിലൂടെയും ഫീഡ്ബാക്കിലൂടെയും കുട്ടിയുടെ സമഗ്ര വികാസം ഉറപ്പാക്കുക എന്നതാണ് മൂന്നാമത്തെ ഘട്ടം.

**9. ലോവർ പ്രൈമറി സ്കൂൾ തലത്തിലെ കുട്ടികളുടെ മെന്ററിങ് നടത്തുന്നതെങ്ങനെ?**

കുട്ടിയുടെ സ്വഭാവത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയുക, അവരുടെ പെരുമാറ്റ രീതികൾ എന്നിവ നിരീക്ഷിച്ച് മനസ്സിലാക്കുക എന്നത് ചെറിയ കുട്ടികളുടെ മെന്ററിങ്ങിന്റെ ഭാഗമായി മെന്റർ ടീച്ചർ നടത്തേണ്ടതാണ്. കുട്ടികൾ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്ന് വരുന്നതാകയാൽ അവർ നേരിടുന്ന വെല്ലുവിളികളും വ്യത്യസ്തങ്ങളായിരിക്കും. അവ തിരിച്ചറിഞ്ഞ് കുട്ടികളുടെ സ്വഭാവ വ്യത്യാസങ്ങൾ മനസ്സിലാക്കി അവരുടെ വളർച്ചയ്ക്ക് ആവശ്യമായ അന്തരീക്ഷം ഒരുക്കുന്നതിലൂടെ കുട്ടികളുടെ വളർച്ചയോടൊപ്പം വികാസവും ഉറപ്പാക്കാവുന്നതാണ്.

**10.മുതിർന്ന കുട്ടികളെ മെന്ററിങ് ചെയ്യുന്ന ഉദാഹരണങ്ങൾ ഏവ?**

മെന്ററിങ് വ്യക്തിഗതമായോ ഗ്രൂപ്പ് അടിസ്ഥാനത്തിലോ നടത്താവുന്ന താണ്. 'സഹിതം' മെന്ററിങ്ങിൽ ഒരു മെന്റർ ഒരു ക്ലാസിലെ 30 കുട്ടികളെ മെന്ററിങ് നടത്തുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്. 30 കുട്ടികളടങ്ങുന്ന ഗ്രൂപ്പിനെ മെന്റർ ചെയ്യുമ്പോൾ അവരുടെ മാനസിക, വൈകാരിക പ്രശ്നങ്ങൾ സന്ദർഭങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും അനുയോജ്യമായ ചെറു വീഡിയോ, ഓഡിയോ, ചിത്രങ്ങൾ, ഇമോജികൾ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ചും നടത്താവുന്നതാണ്. കുട്ടികൾക്കുണ്ടാകുന്ന സന്തോഷം, സങ്കടം, ദേഷ്യം തുടങ്ങിയ ഭാവവ്യത്യാസങ്ങൾ, പെരുമാറ്റത്തിലുണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയവ നിരീക്ഷിച്ചും ചർച്ചയിലൂടെയും മറ്റും ക്രമപ്പെടുത്തുന്നതിന് സഹായിക്കാവുന്നതാണ്.

**11. കുട്ടികളെ മെന്ററിങ് ചെയ്യുന്ന ഉദാഹരണങ്ങൾ നൽകാമോ?**

ക്ലാസുകളിൽ ലജ്ജാശീലരായ കുട്ടികളും ഉണ്ടാകാം. ഇവർ ഒറ്റയ്ക്കോ ഗ്രൂപ്പുകളിലോ ആശയ പ്രകടനം നടത്തുന്നതിന് ബുദ്ധിമുട്ടുള്ള കുട്ടികളായിരിക്കാൻ സാധ്യതയുണ്ട്. ഇത്തരം കുട്ടികൾക്ക് പിന്തുണ നൽകുകയും ഭയരഹിതവുമായ ഒരു ക്ലാസ് റൂം അന്തരീക്ഷം ഒരുക്കേണ്ടതാണ്. കുട്ടികളുടെ പ്രകടനത്തിലുണ്ടാകുന്ന ഓരോ മാറ്റവും നിരീക്ഷിച്ച് അവർക്ക് വേണ്ടുന്ന പ്രോത്സാഹനവും പിൻതുണയും നിരന്തരമായി നൽകേണ്ടതാണ്.

**12. ഊർജ്ജസ്വലരായ, ഹൈ ആക്ടിവിറ്റി കുട്ടികളെ മെന്ററിങ് ചെയ്യുന്നതെങ്ങനെ?**

സാധാരണ കുട്ടികളിൽ നിന്ന് വ്യത്യസ്തമായി പ്രകടനം നടത്തുന്ന കുട്ടികളെ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയുള്ള കുട്ടികളെ ക്ഷമയോടെ നിരീക്ഷിക്കേണ്ടതും ദേഷ്യം ഒഴിവാക്കി പിൻതുണ നൽകുന്നതുമായ ഒരു അന്തരീക്ഷം ഉറപ്പാക്കേണ്ടതുമാണ്.

13. **മെന്ററിങ്ങും കൗൺസിലിങ്ങും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?**

മെന്ററിങ്ങും കൗൺസിലിങ്ങും മനഃശാസ്ത്രപരമായി നടപ്പിലാക്കേണ്ടതാണ്. ഇവ രണ്ടിലും മെന്ററും മെന്റിയും തമ്മിലുള്ള പരസ്പര ധാരണ അത്യാവശ്യമാണ്. കൗൺസിലിങ്ങ് കുട്ടികളുടെ വ്യക്തിപരമായ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന പിൻതുണാ പ്രവർത്തനമാണ്. എന്നാൽ കുട്ടികളുടെ സർവതോമുഖമായ വികാസം ഉറപ്പാക്കുന്നതിനുള്ള പിൻ തുണയാണ് മെന്ററിങ്ങ്.

14. **ഒരു മെന്റർ ടീച്ചർക്ക് മെന്ററിങ്ങിനായി എത്ര കുട്ടികളെ വരെ നൽകാവുന്നതാണ്?**

ഒരു മെന്റർ ടീച്ചർക്ക് പരമാവധി 30 കുട്ടികളെ വരെ മെന്ററിങ്ങ് നടത്തുന്നതിനാണ് സഹിതത്തിൽ നിർദേശിച്ചിരിക്കുന്നത്.

15. **കുട്ടികളുമായി ബന്ധപ്പെട്ട ഏതൊക്കെ അടിസ്ഥാന വിവരങ്ങളാണ് സഹിതം മെന്ററിങ്ങ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടത്?**

കുട്ടികളെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ സമ്പൂർണയിൽ നിന്നും സഹിതം പോർട്ടലിലേയ്ക്ക് ചേർക്കുന്നുണ്ട്. എന്നാൽ കുട്ടികളുടെ തനത് കഴിവുകൾ, സാമൂഹിക-കുടുംബ പശ്ചാത്തലം, പിൻതുണ ആവശ്യമുള്ള മേഖലകൾ എന്നിവ അധ്യാപകർ ശേഖരിച്ച് സഹിതം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

16. **'സമ്പൂർണ'യിലെ വിവരങ്ങൾക്കുപരിയായുള്ള വിവരങ്ങൾ ശേഖരിക്കുന്നത് എങ്ങനെ?**

കുട്ടികളുടെ തനത് കഴിവുകൾ, സാമൂഹിക-കുടുംബ പശ്ചാത്തലം, പിൻതുണ ആവശ്യമുള്ള മേഖലകൾ എന്നിവ നിരീക്ഷണം, ഗൃഹ സന്ദർശനം, ഫീൽഡ് ട്രിപ്പുകൾ, കുട്ടികളും രക്ഷിതാക്കളുമായ ആശയ വിനിമം തുടങ്ങിയവയിലൂടെ ശേഖരിക്കാവുന്നതാണ്.

17. **സഹിതം മെന്ററിങ് പോർട്ടലിൽ ഏതെല്ലാം സൂചകങ്ങളാണ് (Indicators) ഉള്ളത്?**

ഓരോ പഠന വിഷയങ്ങളുടേയും സൂചകങ്ങൾ, അക്കാദമിക-സാമൂഹിക-വൈകാരിക ശേഷികളുടെ സൂചകങ്ങൾ എന്നിവയാണ് സഹിതം പോർട്ടലിൽ ഉള്ളത്.

18. **സാമൂഹിക-വൈകാരിക ശേഷികൾ എന്നാൽ എന്ത്?**

ഓരോ വ്യക്തിയും തന്റെ സാമൂഹിക-വൈകാരിക-പഠന മേഖലകളിലെ വികാസത്തിന്റെ ഭാഗമായി കടന്നുപോകുന്ന പ്രക്രിയയിലൂടെ ആർജിക്കുന്ന നൈപുണികൾ, മനോഭാവങ്ങൾ, പെരുമാറ്റങ്ങൾ, മൂല്യങ്ങൾ എന്നിവയെയാണ് സാമൂഹിക-വൈകാരിക-പഠന നൈപുണികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**19. സാമൂഹിക–വൈകാരിക ശേഷികളുമായി ബന്ധപ്പെട്ടെ 5 ഉപ മേഖലകൾ ഏവ?**

സ്വാവബോധം (അവനവനെക്കുറിച്ചുള്ള ധാരണ), ആത്മ നിയന്ത്രണം, സാമൂഹിക അവബോധം, ആരോഗ്യകരമായ ബന്ധങ്ങൾക്കുള്ള ശേഷി, ഉത്തരവാദിത്തപൂർണമായ തീരുമാനമെടുക്കൽ എന്നിവയാണ് 5 ഉപ മേഖലകൾ.

**20. സഹിതം മെന്ററിങ് പോർട്ടലിൽ എങ്ങനെയാണ് സൂചകങ്ങൾ ക്രമീകരിച്ചിരിക്കുന്നത്?**

ലെവൽ – 1 (ഉയർന്ന നിലവാരം), ലെവൽ – 2 (ശരാശരി നിലവാരം), ലെവൽ – 3 (സഹായം ആവശ്യമുള്ളവർ) എന്നിങ്ങനെ 3 നിലവാരങ്ങളിലായിട്ടാണ് സഹിതത്തിൽ സൂചകങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

**21. കുട്ടികളുടെ ഡിജിറ്റൽ പ്രൊഫൈൽ നിരന്തരമായി വികസിപ്പിക്കുന്നതെങ്ങനെ?**

ഓരോ ഘട്ടതിലും കുട്ടികളെ നിരന്തരമായി നിരീക്ഷിച്ച് അവരുടെ പഠന വിഷയങ്ങളിലെ മികവുകൾ, സാമൂഹിക–വൈകാരിക ഗുണങ്ങളിലെ മികവുകൾ എന്നിവ സഹിതത്തിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ മെന്ററിങ്ങിലൂടെയും പഠന പിന്തുണയിലൂടെയും കുട്ടികൾക്കുണ്ടാകുന്ന മികവുകളും നിരന്തരമായി നിരീക്ഷിച്ച് സഹിതം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ നിരന്തരമായി നിരീക്ഷണങ്ങളിലൂ ടെയും അവരിൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ അവ സഹിതം പോർട്ടലിൽ രേഖപ്പെടുത്തി നിരന്തരമായി വികസിക്കുന്ന ഒരു രേഖയായി കുട്ടികളുടെ ഡിജിറ്റൽ പ്രൊഫൈലിനെ മാറ്റാവുന്നതാണ്.

**22. മെന്റർ റിവ്യൂ റിമാർക്സ് എന്നാൽ എന്ത്?**

കുട്ടികളെ നിരന്തരമായി നിരീക്ഷിച്ച് ഓരോ പഠന മേഖലയിലും അവർക്ക് നേടിയെടുക്കാവുന്ന തനത് കഴിവുകൾ പ്രത്യേകമായി നിരീക്ഷിച്ച് സഹിതം മെന്ററിങ് പോർട്ടലിൽ രേഖപ്പെടുത്താവുന്നതാണ്. ഉദാഹരണമായി ഓരോ വിഷയങ്ങളിലുമുള്ള അവരുടെ തനത് ശേഷികൾ മെന്റർ റിവ്യൂ റിമാർക്സ് എന്ന കോളത്തിൽ ടൈപ്പ് ചെയ്ത് രേഖപ്പെടുത്താവുന്നതാണ്.

**23. ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് എന്നാൽ എന്ത്?**

കുട്ടികളുടെ അടിസ്ഥാന വിവരങ്ങൾ, സാമൂഹിക–വൈകാരിക ഗുണങ്ങൾ, ഓരോ വിഷയത്തിലുമുള്ള പ്രകടന മികവുകൾ, നേരിടുന്ന വെല്ലുവിളികൾ, പ്രത്യേക സഹായം വേണ്ടുന്ന മേഖലകൾ തുടങ്ങി പ്രസക്തമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രേഖയാണ് ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട്. ഈ റിപ്പോർട്ട് കുട്ടികളുടെ വ്യക്തിപരമായ വികാസവും അക്കാദമിക മേഖലയിലെ വികാസവും വ്യക്തമാക്കുന്ന ഒരു രേഖയാണ്. ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് സഹിതം പോർട്ടലിൽ കാണാനും .pdf ആയി സേവ് ചെയ്യാനും കഴിയുന്നതാണ്.

**24. ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് ഉപയോഗിച്ച് മെന്ററിങ് നടത്തുന്ന തെങ്ങനെ?**

ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ടിൽ ഓരോ കുട്ടിയുടേയും പഠന വിഷയങ്ങളിലെ പ്രകടനങ്ങൾ, സാമൂഹിക-വൈകാരിക ശേഷികളിലെ നിലവാരങ്ങൾ എന്നിവ ലെവൽ – 1, ലെവൽ – 2, ലെവൽ – 3 എന്നിങ്ങനെ മൂന്ന് നിലവാരങ്ങളായി കാണാവുന്നതാണ്. കൂടാതെ ഓരോ കുട്ടിയുടേയും തനത് കഴിവുകൾ, വെല്ലുവിളികൾ, പ്രത്യേക സഹായം വേണ്ട മേഖലകൾ എന്നിവയും പ്രൊഫൈൽ റിപ്പോർട്ടിൽ കാണാവുന്നതാണ്. ഇത്തരം വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടിക്ക് വേണ്ട കൈത്താങ്ങും പഠനപിന്തുണാ പ്രവർത്തനങ്ങളും നൽകേണ്ടതാണ്. ഉദാഹരണമായി ലെവൽ – 3 ലുള്ള കുട്ടികളെ ലെവൽ – 2 ലേയ്ക്കും, ലെവൽ –2 ലുള്ള കുട്ടികളെ ലെവൽ – 1 ലേയ്ക്കും, ലെവൽ – 1 ലുള്ള കുട്ടികളെ ഉയർന്ന നിലവാരത്തിലേയ്ക്കും ഉയർത്താനാവശ്യമായ കൈത്താങ്ങും പിൻതുണാ പ്രവർത്തനങ്ങളും മെന്റർ ടീച്ചർ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

**25. ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് രക്ഷിതാക്കളുമായി പങ്കുവെയ്ക്കേണ്ട തുണ്ടോ?**

കുട്ടിയുടെ വിവിധ വിഷയങ്ങളിലെ പ്രകടനം, സാമൂഹിക-വൈകാരിക വികാസം എന്നിവ രക്ഷിതാക്കൾ കൂടി അറിയേണ്ടതാണ്. അതിനാൽ ഓരോ കുട്ടിയുടേയും ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് അവരുടെ രക്ഷിതാക്കളുമായി പങ്കിവെയ്ക്കാവുന്നതാണ്.